എസ്. എസ്. എൽ. സി. ഗ്രേഡിംഗിന്റെ തുടർ മൂല്യനിർണ്ണയത്തിന് അപ്പീൽ നൽകേണ്ട വിധം

121 [720] ശ്രീ. ജി. കാർത്തികേയൻ :

,, എം. എ. വാഹീദ് :

,, ബി. വിജയകുമാർ :

,, ഡി. സുഗതൻ :

,, എം. പി. ഗംഗാധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എസ്. എസ്. എൽ. സി. ഗ്രേഡിംഗിന്റെ തുടർ മൂല്യനിർണ്ണയം സംബന്ധിച്ച് അപ്പീൽ നൽകേണ്ട രീതി വിശദമാക്കാമോ ;

(ബി) ഇക്കാര്യത്തിൽ പ്രചരണം നൽകിയിട്ടുണ്ടായിരുന്നോ ;

(സി) എങ്കിൽ ഏതെല്ലാം വിധത്തിലാണ് പ്രചരണം നൽകിയത് ;

(ഡി) ഇപ്രാവശ്യം ഓരോ തലത്തിലും എത്ര അപ്പീലുകൾ ലഭിച്ചു?

ഉത്തരം

(എ) എസ്. എസ്. എൽ. സി. ഗ്രേഡിംഗിനോടനുബന്ധിച്ചുള്ള നിരന്തര മൂല്യനിർണ്ണയ സ്കോറിന്റെ ഫലം 24-1-2005-ന് സ്കൂളുകളിൽ പ്രസിദ്ധീകരിച്ചു. ഫലപ്രഖ്യാപനത്തിൽ കുട്ടിക്ക് പരാതിയുണ്ടെങ്കിൽ സ്കൂളിലെ പ്രഥമാദ്ധ്യാപകന്/പ്രഥമാദ്ധ്യാപികയ്ക്ക് നിശ്ചിത ഫാറത്തിൽ പരാതി നൽകാവുന്നതാണ്. പരാതിയിൽ കുട്ടിയും രക്ഷകർത്താവും ഒപ്പിടേണ്ടതാണ്. പരാതി ലഭിച്ചാൽ സ്കൂൾതല അപ്പീൽ കമ്മിറ്റി മൂന്ന് ദിവസത്തിനകം പരാതിയിന്മേൽ തീരുമാനമെടുക്കേണ്ടതാണ്. ഈ കമ്മിറ്റിയുടെ തീരുമാനം കുട്ടിക്ക് സ്വീകാര്യമല്ലെങ്കിൽ ജില്ലാ വിദ്യാഭ്യാസ ആഫീസർ അദ്ധ്യക്ഷനായുള്ള ജില്ലയിലെ കമ്മിറ്റിക്ക് 7 ദിവസത്തിനകം പരാതി നൽകാവുന്നതാണ്. ജില്ലാതല അപ്പീൽ കമ്മിറ്റിയുടെ തീരുമാനം സ്വീകാര്യമല്ലെങ്കിൽ വിദ്യാഭ്യാസ ഡയറക്ടർ അദ്ധ്യക്ഷനായുള്ള സംസ്ഥാനതല കമ്മിറ്റിക്ക് പരാതി നൽകാവുന്നതാണ്. ഇപ്രകാരം പരാതി നൽകുന്നതിന് മൂന്ന് ദിവസം അനുവദിച്ചിട്ടുണ്ട്. സംസ്ഥാനതല സമിതി അഞ്ച് ദിവസത്തിനകം പരാതിയിൻമേൽ തീർപ്പു കൽപ്പിക്കുന്നതും. അന്തിമ വിലയിരുത്തൽ സ്കോർ ഫെബ്രുവരി അവസാന വാരം തന്നെ പരീക്ഷാഭവനിൽ എത്തിക്കുന്നതുമാണ്.

(ബി, സി) ഉണ്ടായിരുന്നു. കുട്ടിയുടെ നിരന്തര മൂല്യനിർണ്ണയ ഉപാധികൾ വിലയിരുത്തുന്നത് സംബന്ധിച്ച വിപുലമായ രീതിയിലുള്ള പ്രചരണം നൽകിയിട്ടുണ്ട്. കുട്ടികൾക്കും രക്ഷകർത്താക്കൾക്കുമായി പ്രത്യേകം പ്രത്യേകം വിശദീകരണ ലഘുലേഖകൾ തയ്യാറാക്കി അച്ചടിച്ച് സ്കൂളുകളിൽ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ എസ്. ഐ. ഇ. റ്റി. മുഖേന ഇന്ററാക്ടീവ് സി.ഡി. തയ്യാറാക്കി ദൂരദർശൻവഴി സംപ്രേഷണം ചെയ്തിട്ടുണ്ട്. ഡെപ്യൂട്ടി ഡയറക്ടർമാരുടെയും ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെയും നേതൃത്വത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധി

LIBRARY ARCHIVES Kerala Legislative Assembly

കൾക്കും അദ്ധ്യാപക സംഘടനാ ഭാരവാഹികൾക്കും ബോധവൽക്കരണ ക്ലാസ്സുകളും സെമിനാറുകളും നടത്തിയിട്ടുണ്ട്. ഡെപ്യൂട്ടി ഡയറക്ടർമാർ, ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ, ഡയറ്റ് പ്രിൻസിപ്പൽമാർ, അദ്ധ്യാപക സംഘടനാ ഭാരവാഹികൾ എന്നിവർക്ക് ദ്വിദിന പരിശീലന ക്ലാസ്സുകൾ നൽകിയിട്ടുണ്ട്. ഹെഡ്മാസ്റ്റർമാരുടെ നേതൃത്വത്തിൽ സംസ്ഥാനത്തെ എല്ലാ പി. റ്റി. എ. ഭാരവാഹികൾക്കും ബോധവൽക്കരണ സെമിനാറും നടത്തിയിട്ടുണ്ട്. 10-ാം ക്ളാസിൽ ക്ളാസുകൾ കൈകാര്യം ചെയ്യുന്ന എല്ലാ അദ്ധ്യാപകർക്കും നിരന്തര മൂല്യ നിർണ്ണയരീതിയിൽ ദ്വിദിന പരിശീലനം നൽകിയിട്ടുണ്ട്. നിരന്തര മൂല്യനിർണ്ണയരീതി സംബന്ധിച്ച് ഹെഡ്മാസ്റ്റർമാർക്ക് ഏകദിന പരിശീലനം നൽകിയിട്ടുണ്ട്. പത്താം ക്ലാസ്സിൽ പഠിപ്പിക്കുന്ന എല്ലാ അദ്ധ്യാപകർക്കും പഠനം വിലയിരുത്താനുള്ള മാർഗ്ഗരേഖ എന്ന കൈപുസ്തകം നൽകിയിട്ടുണ്ട്. പത്രമാദ്ധ്യമങ്ങളിലൂടെയും വിപുലമായ പ്രചരണം നൽകിയിട്ടുണ്ട്.

(ഡി) 656 അപ്പീലുകൾ ലഭിച്ചു.

പത്താം ക്ലാസ്സിൽ നടപ്പിലാക്കുന്ന ഗ്രേഡിംഗും നിരന്തര മൂല്യനിർണ്ണയവും കുറ്റമറ്റതാക്കാൻ നടപടികൾ

122 [721] ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്താം ക്ലാസ്സിൽ നടപ്പിലാക്കുന്ന ഗ്രേഡിംഗും നിരന്തര മൂല്യനിർണ്ണയവും കുറ്റമറ്റതാക്കാൻ സർക്കാർ എന്തെല്ലാം നടപടികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത് ;

(ബി) നിരന്തര മൂല്യനിർണ്ണയം സംബന്ധിച്ച പരാതികൾ പരിഹരിക്കേണ്ടതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ഗ്രേഡിംഗും നിരന്തര മൂല്യനിർണ്ണയവും ഹയർ സെക്കന്ററി തലത്തിലേക്കു കൂടി വ്യാപിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ ഹയർ സെക്കന്ററി തലത്തിൽ എന്നുമുതൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) നിരന്തര മൂല്യനിർണ്ണയം കുറ്റമറ്റതാക്കാൻ വിദ്യാഭ്യാസ ഡയറക്ടറുടെ നേതൃത്വത്തിൽ റവന്യൂ ജില്ലാ തലത്തിലും ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെ നേതൃത്വത്തിൽ വിദ്യാഭ്യാസ ജില്ലാതലത്തിലും മോണിറ്ററിംഗ് സമിതികൾ രൂപീകരിച്ചിട്ടുണ്ട്. ഇതിനു പുറമേ വിദ്യാഭ്യാസ ജില്ലാതലത്തിൽ 15 പേരടങ്ങുന്ന ഇ ഡി സി സി യും രൂപീകരിച്ചിട്ടുണ്ട്. ഇ ഡി സി സി അംഗങ്ങൾ മൂന്നു ഘട്ടങ്ങളിലായി എല്ലാ വിദ്യാലയങ്ങളും സന്ദർശിക്കുകയും വിദ്യാർത്ഥികളുടെ നിരന്തര മൂല്യനിർണ്ണയ പ്രവർത്തനങ്ങൾ പരിശോധിക്കുകയും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. നിരന്തര മൂല്യനിർണ്ണയം നടത്തുന്നതിന് സംസ്ഥാനത്ത് 45000 അദ്ധ്യാപകർക്ക് ദ്വിദിന പരിശീലനവും നൽകിയിട്ടുണ്ട്.

(ബി) നിരന്തര മൂല്യനിർണ്ണയത്തിന്റെ സ്കോറുകൾ ജനുവരി 24-ന് എല്ലാ സ്കൂൾ നോട്ടീസ് ബോർഡിലും പ്രസിദ്ധീകരിച്ചു. ഇതിൻമേൽ പരാതിയുണ്ടെങ്കിൽ കുട്ടിക്ക് സ്കൂൾ ഹെഡ്മാസ്റ്റർക്ക് 3 ദിവസത്തിനകം അപ്പീൽ നൽകാം. ഹെഡ്മാസ്റ്റർ, ബന്ധപ്പെട്ട വിഷയം പഠിപ്പിക്കുന്ന സബ്ജക്റ്റ് എക്സ്പർട്ട് എന്നിവർ ഉൾപ്പെടുന്ന ഒരു കമ്മിറ്റി അപ്പീൽ പരിഗണിക്കും.

LIBRARY ARCHIVES Kerala Legislative Assembly